പിരിഞ്ഞുകിട്ടാനുള്ള കെ.എഫ്.സി. വായ്പ

8 [1140] ശ്രീ. ഇ. എം. അഗസ്തി:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷൻ കൊടുത്തിട്ടുള്ള വായ്പയിൽ പിരിഞ്ഞുകിട്ടാനുള്ള തുകയെത്രയാണ്;

(ബി) അതിൽ കിട്ടാക്കടങ്ങൾ എത്ര വരും;

(സി) കോർപ്പറേഷൻ നൽകിയിട്ടുള്ള വായ്പയ്ക്ക് കിട്ടിയിട്ടുള്ള ഈട് പിരിഞ്ഞു കിട്ടാനുള്ള ഓരോ തുകയ്ക്കും മതിയായതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെങ്കിലും വായ്പ സംബന്ധിക്കുന്ന ഈട് വായ്പത്തുകയ്ക്ക് മതിയാകുന്നതല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) അത്തരത്തിൽ എത്ര വായ്പകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരം വായ്പകളുടെ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004 മാർച്ച് 31-ലെ കണക്കനുസരിച്ച് കോർപ്പറേഷന് മൊത്തം 1131 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) കിട്ടാക്കടങ്ങൾ ഒന്നുംതന്നെ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

(സി) മതിയായ ഈട് ഉറപ്പാക്കിയശേഷമാണ് വായ്പകൾ നൽകിവരുന്നത്.

(ഡി) കാലപ്പഴക്കം കൊണ്ടും പൊതുവിലുണ്ടാകുന്ന വിലയിടിവുകൾ കൊണ്ടും ചില അക്കൗണ്ടുകളിൽ ഈട് അപര്യാപ്തമായി കാണുന്നുണ്ട്. കൂടാതെ കുടിശ്ശിക കൂടുന്നതനുസരിച്ചും ആസ്തി മതിയാകാതെ വരുന്നുണ്ട്.

(ഇ) അത്തരത്തിൽപ്പെട്ട 2422 വായ്പകളുണ്ട്.

(എഫ്) ഇങ്ങനെയുള്ള യൂണിറ്റുകളെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ.റ്റി.എസ്.) അനുസരിച്ച് ലോൺ ക്ലോസ് ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നു. ഇതിനു പുറമേ, ആവശ്യമെന്നുകണ്ടാൽ ഈട് അപര്യാപ്തമായി വരുന്ന ലോൺ അക്കൗണ്ടുകളിൽ അതിന്റെ ഉടമസ്ഥരുടെയും ജാമ്യക്കാരുടെയും പേഴ്സണൽ ഗ്യാരണ്ടി ഉപയോഗിച്ച് ആർ.ആർ. നടപടി കൈക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly